**ഭരണഭാഷ – മാതൃഭാഷ**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട് പി.ഒ, കവടിയാർ പി.ഒ
തിരുവനന്തപുരം – 695003.

Phone : 0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3–5215/2013/സിഇ/LSGD** **തീയതി. 29.12.2022**

# സർക്കുലർ

വിഷയം : തസ്വഭവ(LID&EW)– ടാറിംഗ് പ്രവൃത്തികൾ ഗുണനിലവാരം ഉറപ്പാക്കൽ – Open Pugmil/HM Plant – കളുടെ ഉപയോഗം സംബന്ധിച്ച്.

സൂചന : 1) 06/10/2022–ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലർ
2) ബഹു. തദ്ദേശ സ്വയം ഭരണ/എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15/10/2022–ൽ ചേർന്ന കരാറുകാരുമായുള്ള യോഗം

ടാറിംഗ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണെന്നും, ടാറിംഗ് പ്രവൃത്തികൾക്ക് Open Pugmil/Hot Mix Plant-കൾ നിർബന്ധമായും ഉപയോഗിക്കേണ്ടതാണെന്നും കർശന നിർദ്ദേശം നൽകിയിരുന്നു.

സൂചന (2) പ്രകാരം പഴയതരം ടാർ പ്ലാന്റിൽ നിന്നും പുതിയ Pugmil Plant-ലേയ്ക്ക് എല്ലാ കോൺട്രാക്ടർമാരും മാറണമെന്ന ചീഫ് എഞ്ചിനീയറുടെ ഉത്തരവ് ഒഴിവാക്കിത്തരണമെന്ന് കരാറുകാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് രണ്ട് കൊല്ലം മുമ്പ് പുറപ്പെടുവിച്ചതാണെന്നും ഗുണനിലവാരത്തെ ഗുരുതരമായി ബാധിക്കുന്നതിനാൽ ഇത് ഒഴിവാക്കാനാകില്ലെന്നും ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർമാരുടെ കൂടെ ആവശ്യം പരിഗണനയിലെടുത്ത് പ്ലാന്റുകൾ മുഴുവനായും 2023 മാർച്ച് 31-നകം Pugmil/Hot Mix സംവിധാനത്തിലേക്ക് മാറേണ്ടതാണെന്നും, 2023 ഏപ്രിൽ 1 മുതൽ യാതൊരുവിധ ടാറിംഗ് പ്രവൃത്തികളും സിംഗിൾ ഡ്രം പ്ലാന്റുകൾ ഉപയോഗിച്ച് പ്രവൃത്തി ചെയ്യാൻ പാടില്ലായെന്നും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

2023 ഏപ്രിൽ 1 മുതൽ ഇക്കാര്യം നടപ്പിലാകുന്നുണ്ട് എന്ന് എഞ്ചിനീയർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

AK